**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2724** **17-03-2022 - ൽ മറുപടിയ്ക്ക്**

**കണ്ണിമല സർവീസ് സഹകരണ ബാങ്ക് അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ കണ്ണിമല സർവീസ് സഹകരണ ബാങ്ക് നമ്പർ 3978 ൽ ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പിൽ നിന്ന് ലഭിച്ച 30 ലക്ഷം രൂപ യാതൊരു പ്രവർത്തനവും നടത്താതെ ഭരണസമിതിയും ജീവനക്കാരും ചേർന്ന് വീതിച്ചെടുത്തു എന്ന ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ വിശദാംശം നൽകുമോ; | (എ) | കോട്ടയം ജില്ലയിലെ കണ്ണിമല സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3978 ൽ ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പിൽ നിന്ന് ലഭിച്ച 30 ലക്ഷം രൂപ യാതൊരു പ്രവർത്തനവും നടത്താതെ ഭരണസമിതിയും ജീവനക്കാരും ചേർന്ന് വീതിച്ചെടുത്തു എന്ന ആരോപണ ത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കാഞ്ഞിരപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത അന്വേഷണം നടന്ന് വരുകയാണ്. |
| (ബി) | പ്രസ്തുത ബാങ്കിന്റെ ഇരുമ്പൂന്നിക്കര ബ്രാഞ്ച് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ അഞ്ചിരട്ടി മുടക്കിയതായി രേഖകളുണ്ടാക്കി പണം ഉദ്യോഗസ്ഥരും ബാങ്ക് ഭരണ സമിതിയും ചേർന്ന് തട്ടിയെടുത്തു എന്ന ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ബാങ്കിന്റെ ഇരുമ്പൂന്നിക്കര ബ്രാഞ്ച് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ അഞ്ചിരട്ടി മുടക്കിയതായി രേഖകളുണ്ടാക്കി പണം, ഉദ്യോഗസ്ഥരും ബാങ്ക് ഭരണസമിതിയും ചേർന്ന് തട്ടിയെടുത്തു എന്ന ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കാഞ്ഞിരപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത അന്വേഷണം നടന്ന് വരുകയാണ്. |
| (സി) | പ്രസ്തുത ബാങ്കിലെ നിക്ഷേപങ്ങളിൽ തിരിമറി നടത്തിയതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കണ്ണിമല സർവ്വീസ് സഹകരണ ബാങ്കിലെ അനധികൃത വായ്പ വിതരണം സാമ്പത്തിക ഇടപാട് എന്നിവയെല്ലാം സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരം പരിശോധന നടത്തുന്നതിന് കാഞ്ഞിരപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ മുണ്ടക്കയം യൂണിറ്റ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതും പരിശോധന നടന്നു വരികയുമാണ്. |
| (ഡി) | മേൽപ്പറഞ്ഞ ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്വേഷണം വൈകിപ്പിക്കുന്നതിന് ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത | (ഡി) | മേൽപ്പറഞ്ഞ ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്വേഷണം വൈകിപ്പിക്കുന്നതിന് ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷണ |

| | | | |
|---|---|---|---|
| | അന്വേഷണം അടിയന്തരമായി പൂർത്തീകരിച്ച് കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ